ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 27-ഉം പത്തനംതിട്ടയിൽ ഒന്നും കേസ്സുകൾ എടുത്തിട്ടുണ്ട്.

(ബി)-(എഫ്) വിവരം ശേഖരിച്ചുവരുന്നു.

## പാമ്പാടി സർവീസ് സഹകരണബാങ്കിന്റെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുനടന്ന അക്രമം

(31) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി സർവീസ് സഹകരണബാങ്കിന്റെ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് എത്ര കേസ്സുകൾ പോലീസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കേസ്സിലും എത്ര പ്രതികൾ ഉണ്ടെന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(സി) ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടും തെരഞ്ഞെടുപ്പിന് വോട്ടു ചെയ്യുവാൻ എത്തിയവരെ ആക്രമിക്കുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സംരക്ഷണം നൽകുന്നതിൽ വീഴ്ചവരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) രണ്ടു കേസ്സുകൾ.

(ബി) പാമ്പാടി പോലീസ് സ്റ്റേഷനിലെ ക്രൈം 187/99-ൽ രാധാകൃഷ്ണൻ, അജി, അനിക്കുട്ടൻ, ഫിലിപ്പ്, വിശ്വൻ, ജയൻ എന്നീ ആറ് പ്രതികളും, ക്രൈം 202/99-ൽ ബാബുവും, കണ്ടാലറിയാവുന്ന മറ്റു മൂന്നു പ്രതികളും ഉണ്ട്.

(സി) വോട്ടുചെയ്യാൻ എത്തിയവർക്കെതിരെ ആക്രമണം ഉണ്ടായിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

## സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പോലീസ് കേസ്സുകൾ

(32) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ പരാതിയെതുടർന്നോ അല്ലാതെയോ എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെയോ സി.പി.എം. പ്രവർത്തകർക്കെതിരെയോ പോലീസ് കേസ്സ് എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃശ്ശൂർ സെന്റ് തോമസ് കോളേജ്, ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ്, കൊല്ലം എസ്.എൻ. കോളേജ് എന്നിവിടങ്ങളിൽ എസ്.എഫ്.ഐ. നടത്തിയ സമരവുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഏതെങ്കിലും കോളേജുകളുടെ കാര്യത്തിൽ കോടതി ഉത്തരവുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ഏതെല്ലാം ആളുകളുടെ പേരിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ച് കേസ്സെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പള്ളിക്കത്തോട്, ചങ്ങനാശ്ശേരി, തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം, തൃശ്ശൂർ ഈസ്റ്റ്, ഹേമാംബിക നഗർ, ആലത്തൂർ, ഫറോക്ക്, കണ്ണൂർ ഠൗൺ, കൂത്തുപറമ്പ് എന്നീ പോലീസ് സ്റ്റേഷനുകളിലായി മൊത്തം മുപ്പത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിലെ റാഗിംഗ് ഉൾപ്പെടെയുള്ള സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് കമ്മിഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരം റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. ബി. ഖാലിദിനെ അന്വേഷണ കമ്മിഷനായി നിയമിച്ചിട്ടുണ്ട്.

(സി)&(ഡി) കൊല്ലം എസ്.എൻ. കോളേജ് :- കൊല്ലം എസ്.എൻ. കോളേജിലെ പ്രിൻസിപ്പൽ കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. 29023/99 പ്രകാരം കോളേജിന്റെ സുഗമമായ നടത്തിപ്പിനും മറ്റും കോളേജ് ഗേറ്റിന് 50 മീറ്റർ ഉള്ളിൽ ജാഥയോ സമരമോ നടത്താൻ പാടില്ല എന്ന് ഉത്തരവ് ആയിട്ടുള്ളതാണ്.

ചങ്ങനാശ്ശേരി എസ്.ബി. കോളേജ് :- ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽനിന്നും ചങ്ങനാശ്ശേരി എസ്.ബി. കോളേജ് മാനേജ്മെന്റ്, ടി കോളേജിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് വേണ്ട പോലീസ് സംരക്ഷണ ഉത്തരവ് സമ്പാദിച്ചിട്ടുണ്ട്.

തൃശ്ശൂർ സെന്റ് തോമസ് കോളേജ് :- തൃശ്ശൂർ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാളിനും അവിടത്തെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നും കോളേജിന്റെ സുഗമമായ പ്രവർത്തനം നടത്തുന്നതിനും വേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതി ഒ.പി. നം. 18350/97 ഐ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**മഞ്ചേരി ഡി.എം.ഒ. ഓഫീസിലെ അക്രമം**

(38) ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഡി.എം.ഒ. ഓഫീസിൽ ഈയിടെ അക്രമം നടന്നതായി മഞ്ചേരി പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly